പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 730 29.5.2019 -ൽ മറുപടിയ്ക്ക്

## ടൂറിസം റെഗുലേറ്ററി അതോറിറ്റി

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ.കെ. ആൻസലൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | പ്രളയം പ്രതിസന്ധി സൃഷ്ടിച്ചിട്ടും കൂടുതൽ വിദേശ - ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കാൻ തക്കവിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ കരുത്തുറ്റതാക്കുന്നതിന് നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് പ്രളയ കെടുതിക്ക് ശേഷം ടൂറിസം മേഖലയിൽ ഉണ്ടായ തിരിച്ചടി അടിയന്തിരമായി മറി കടക്കുന്നതിനായി വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. "Post Flood Campaign" ന്റെ ഭാഗമായി Its Time for Kerala എന്ന ലേബലിൽ പരസ്യ പ്രചാരണമാണ് വകുപ്പ് സംഘടിപ്പിച്ചത്. ഇന്ത്യയിലെ വിവിധ സിനിമ സ്ക്രീനുകളായ PVR, INOX, VFO എന്നിവിടങ്ങളിൽ ഏകദേശം 350 ഓളം സ്ക്രീനുകൾ കേന്ദ്രീകരിച്ചു പരസ്യം പ്രദർശിപ്പിച്ചു കഴിഞ്ഞു. നാഷണൽ ടെലിവിഷൻ ചാനലുകൾ, റേഡിയോ എന്നിവ വഴിയും പ്രചരണം നടത്തി. ഡെൽഹി, മുംബൈ. ബാംഗ്ളൂർ, ഹൈദ്രാബാദ്, അഹമ്മദാബാദ്, ചെന്നൈ എയർപോർട്ടുകളിൽ OOH Campaign നടത്തി. രാജ്യത്തെ വിവിധ പത്രങ്ങളിലും മാസികകളിലും പരസ്യം നൽകിക്കഴിഞ്ഞു. ഡിജിറ്റൽ Campaign, സോഷ്യൽ മീഡിയ Campaign, ഓൺലൈൻ ആഡ് Campaign (ഇന്ത്യക്കകത്തും പുറത്തും) എന്നിവയും ടൂറിസം മേഖലയ്ക്ക് ഉണർവ് സമ്മാനിച്ചു വരുന്നു. രാജ്യത്തിനകത്തും വിദേശത്തും സംഘടിപ്പിക്കപ്പെട്ട ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിലൂടെയും ട്രേഡ് മീറ്റുകൾ സംഘടിപ്പിച്ചതിലൂടെയും ടൂറിസം രംഗത്ത് കേരള ടൂറിസത്തിന്റെ സാന്നിധ്യം ഉറപ്പിക്കുവാൻ |

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടുണ്ട്. ഇതിലൂടെ പ്രളയം ടൂറിസം രംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. |
| ബി) | വിനോദസഞ്ചാരകേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും പ്രദേശവാസികൾക്ക് കൂടി പ്രയോജനപ്രദമായി അവ നിലനിർത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഗ്രീൻ കാർപറ്റ് പദ്ധതി പ്രകാരം നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ട് വരുന്നു. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാധ്യത വിലയിരുത്തി ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. വിശ്രമസങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയ് ലെറ്റ് സംവിധാനം, കഫറ്റീരിയ തുടങ്ങിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി വകുപ്പ് " ഗ്രീൻ കാർപ്പറ്റ് " എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. നിലവിൽ 77 വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രി സർവ് എന്ന എൻ.ജി.ഒ മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന "ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ" പദ്ധതിയും, ഇടുക്കി ജില്ലയിൽ എക്സ് സർവീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ട് തന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന " ബാരിയർ ഫ്രീ " ടൂറിസം പദ്ധതി പ്രധാനപ്പെട്ട എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സാധ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ വകുപ്പ് തുടർച്ചയായി നടപ്പാക്കി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പുവരുത്തുവാൻ പങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം. എൻ.ജി.ഒ.കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് വകുപ്പ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും, ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br>ഗ്രീൻ കാർപ്പറ്റിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്ക് വേണ്ട സംഗതികൾ സമയബന്ധിതമായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും, പരാതിയും പരമാവധി ഒഴിവാക്കുകയാണ് ചുമതലപ്പെട്ടവർ നിർവ്വഹിച്ചുവരുന്നത്. കൂടാതെ കുടിവെള്ള ലഭ്യതയ്ക്കുള്ള നടപടികൾ ടൂറിസം വകുപ്പിന്റെ പരിഗണനയിലാണ്. മാലിന്യ നീക്കത്തിനുള്ള നടപടികൾ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. പ്രകാശ സംവിധാനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഈ ഡെസ്റ്റിനേഷനുകളിൽ ഏർപ്പെടുത്തി വരുന്നു. 2016 മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 77 ടൂറിസം കേന്ദ്രങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| സി) | വിനോദസഞ്ചാരമേഖലയിലെ അനഭിലഷണീയ പ്രവണതകൾ ഇല്ലാതാക്കാൻ ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | സി) യും ഡി) യും | വിനോദസഞ്ചാരമേഖലയിലെ അനഭിലഷണീയ പ്രവണതകൾ ഇല്ലാതാക്കാൻ ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനലക്ഷ്യം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ടൂറിസം മേഖലയിൽ അനഭിലക്ഷണീയമായ പ്രവണതകൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുക; വിനോദ സഞ്ചാരികൾ ഏതെങ്കിലും രീതിയിൽ വഞ്ചിക്കപ്പെട്ടാൽ അത് സംബന്ധിച്ച പരാതിയിന്മേൽ നടപടിയെടുക്കുക.<br>2. നിയമാനുസൃതമായ ലൈസൻസില്ലാതെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക.<br>3. കേരള സർക്കാരോ കേന്ദ്ര സർക്കാരോ ടൂറിസം രംഗത്ത് നടപ്പാക്കുന്ന ലൈസൻസ്/ ക്ലാസ്സിഫിക്കേഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നു ഉറപ്പുവരുത്തുക.<br>4. ടൂറിസം രംഗത്തെ നിയമ ലംഘന പ്രവൃത്തികൾ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരിക<br>5. ടൂറിസം രംഗത്തെ സേവന ദാതാക്കൾ ഗുണനിലവാരമുള്ള സേവനം നൽകുന്നു എന്നു ഉറപ്പുവരുത്തുക.<br>6. ടൂറിസം രംഗത്തെ നിയമവിരുദ്ധ പ്രവൃത്തികൾക്ക് പിഴ നിശ്ചയിക്കുക.<br>7. ടൂറിസം മേഖലയിൽ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഭരണ/ ധനപരമായ പ്രവൃത്തികൾ നടപ്പാക്കുക |

സെക്ഷൻ ഓഫീസർ